"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. WM3/267/2025-LSGD

തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്

തിരുവനന്തപുരം,

തീയതി: 21-08-2025

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - മാലിന്യ മുക്തം നവകേരളം - 2025 - 2026 വർഷത്തെ പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ - സംബന്ധിച്ച്

**********************

മാലിന്യമുക്തം നവകേരളം ക്യാമ്പയിനിലൂടെ കൈവരിച്ച നേട്ടങ്ങളുടെ സുസ്ഥിരതയും സമ്പൂർണതയും ഉറപ്പാക്കുന്നതിന് വേണ്ട തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടത് അനിവാര്യമാണ്. അജൈവ മാലിന്യം വാതിൽപ്പടി ശേഖരണം 100% ഉറപ്പാക്കുകയും, പരമാവധി തരംതിരിച്ച് റിജക്റ്റ് മാലിന്യത്തിന്റെ അളവ് കുറക്കുകയും, ജൈവമാലിന്യം ഉറവിടത്തിലും സാമൂഹ്യ സംവിധാനങ്ങളിലുമായി 100% സംസ്കരിക്കുകയും കൃഷി ആവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തുകയും ചെയ്യുക, എല്ലാ വിഭാഗത്തിലും വരുന്ന പ്രത്യേക പരിപാലന സംവിധാനം ആവശ്യമുള്ള മാലിന്യങ്ങളുടെ ശേഖരണവും - സംസ്കരണ സംവിധാനവും ഉറപ്പാക്കുക, നിലവിലുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ ആധുനികവൽക്കരിക്കുക, പൊതുയിടങ്ങളിൽ ബിന്നുകൾ ഉറപ്പാക്കുക, പൊതുയിട വൃത്തി ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, മാലിന്യത്തിന്റെ അളവ് കുറയ്ക്കാനുള്ള ഇടപെടലുകൾക്ക് ഒപ്പം കർശന നിയമലംഘനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുക എന്നിവയാണ് ഈ വർഷം ഊന്നൽ നൽകുന്ന മുഖ്യ പ്രവർത്തനങ്ങൾ. 2025 ഒക്ടോബർ 2 വരെ, 2026 ഫെബ്രുവരി 28 വരെ എന്നിങ്ങനെ രണ്ടു ഘട്ടങ്ങളിലായി ലക്ഷ്യങ്ങൾ കൈവരിക്കുന്ന തരത്തിലാണ് പ്രവർത്തനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്.

പൊതുയിടങ്ങൾ വൃത്തിയായി പരിപാലിക്കുക, വലിച്ചെറിയൽ ഇല്ലാതാക്കുക, മാലിന്യത്തിന്റെ അളവ് കുറയ്ക്കുക എന്നിവയായിരിക്കും തുടർപ്രവർത്തന കർമ്മ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

**ജനകീയ ശുചീകരണം - നവംബർ 1 വരെ**

1. എല്ലാ മാസവും മൂന്നാം ശനിയാഴ്ചതോറും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ ശുചീകരണം നടത്തേണ്ടതാണ്. സൂചന ഉത്തരവ് പ്രകാരമുള്ള പ്രതിമാസ ശുചീകരണ ക്യാമ്പയിൻ നവംബർ 1 വരെ സംഘടിപ്പിക്കണം.
2. വൻകിട മാലിന്യ ഉത്പാദകരായ റെയിൽവേയുടെ അധീനതയിലുള്ള സ്ഥലങ്ങൾ, ട്രാക്കുകൾ തുടങ്ങിയവയിൽ കെട്ടിക്കിടക്കുന്ന മാലിന്യം റെയിൽവേ മുഖേന നീക്കം ചെയ്യാനുള്ള നടപടിയും സ്വീകരിക്കേണ്ടതാണ്. റെയിൽവേ നീക്കം ചെയ്യാത്ത പക്ഷം അവ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നീക്കം ചെയ്ത് ചെലവ് തുക റെയിൽവേയിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**വലിച്ചെറിയൽ പ്രതിരോധവും നിയമനടപടികളും**

വലിച്ചെറിയൽ പ്രതിരോധിക്കുന്നതിൽ ബഹുജന വിദ്യാഭ്യാസ പരിപാടികൾക്ക് ഒപ്പം കർശനമായ നിയമ നടപടികളും അനിവാര്യമാണ്. ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലെ വിജിലൻസ് സ്ക്വാഡുകൾ, ജില്ലാ എൻഫോഴ്സ്മെന്റ് ടീം, ഇന്റേണൽ വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിലുള്ള ടീം എന്നീ ടീമുകളുടെ നേതൃത്വത്തിൽ എൻഫോഴ്സ്മെന്റ് നടപടികൾ ശക്തിപ്പെടുത്തണം. ജൂലായ് മാസം മുതൽ വ്യാപകമായ പരിശോധനയ്ക്ക് ക്രമീകരണം ഉണ്ടാക്കണം.

3. തദ്ദേശ സ്വയംഭരണ സ്ഥാപന തല വിജിലൻസ് സ്ക്വാഡുകൾ നടത്തേണ്ട പരിശോധനകൾ സംബന്ധിച്ച ടാർഗറ്റും ശ്രദ്ധിക്കേണ്ട വിഷയങ്ങളും ജില്ലാ ജോയിന്റ് ഡയറക്ടർ നിശ്ചയിച്ച് നൽകേണ്ടതാണ്
4. ഇന്റേണൽ വിജിലൻസ് ഓഫീസർമാരെ ആഴ്ചയിൽ 3 ദിവസം മാലിന്യ സംസ്കരണം സംബന്ധിച്ച പ്രവർത്തനങ്ങൾക്കും, എൻഫോഴ്സ്മെന്റ് നടപടികൾക്കുമായി നിയോഗിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപന തല വിജിലൻസ് സ്ക്വാഡുകളുടെ പ്രവർത്തനങ്ങളും സ്വീകരിക്കുന്ന നിയമനടപടികളുടെ പുരോഗതിയും ജില്ലാ എൻഫോഴ്സ്മെന്റ് ടീം പരിശോധനയ്ക്ക് വിധേയമാക്കണം.
5. നിരോധിത പ്ലാസ്റ്റിക്ക് ഉത്പന്നങ്ങളുടെ ഉത്പാദനം, സംഭരണം, വിപണനം എന്നിവ തടയുന്നതിന്, ഇവ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് കർശന പരിശോധനയും നിയമ നടപടികളും ജില്ലാ എൻഫോഴ്സ്മെന്റ് ടീമും തദ്ദേശ സ്വയംഭരണ സ്ഥാപന വിജിലൻസ് സ്ക്വാഡും, IVO സ്ക്വാഡും, സ്വീകരിക്കുന്നുണ്ടെന്ന് ജില്ലാ ജോയിന്റ് ഡയറക്ടറന്മാർ ഉറപ്പാക്കേണ്ടതാണ്.
6. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പരാതികളിന്മേൽ സമയബന്ധിത നടപടി സ്വീകരിക്കേണ്ടതാണ്. ഇത് ഉറപ്പാക്കാനാവശ്യമായ ക്രമീകരണം തദ്ദേശ സ്ഥാപന തലത്തിലും പ്രിൻസിപ്പൽ ഡയറക്ടറേറ്റിലും ജോയിന്റ് ഡയറക്ടർ ഓഫീസുകളിലും ഉണ്ടാകണം.
7. ഏറ്റവും കുറഞ്ഞ പിഴ ചുമത്തുന്ന തെറ്റായ പ്രവണത വ്യാപകമായിട്ടുണ്ട്. പേരിനു മാത്രം പിഴ ചുമത്തുന്നതിനു പകരം കുറ്റകൃത്യത്തിന്റെ തോതനസരിച്ച് ചുമത്താൻ നിയമം അനുശാസിക്കുന്ന ഉയർന്ന തുക തന്നെ ചുമത്തേണ്ടതാണ്. പരമാവധി കേസുകളിൽ പ്രോസിക്യൂഷൻ, റവന്യൂ റിക്കവറി ഉൾപ്പടെയുള്ള തുടർനടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം.
8. ചുമത്തുന്ന പിഴ തുക കർശനമായി പിരിച്ചെടുക്കണം. തദ്ദേശസ്വയം ഭരണ സ്ഥാപന തലത്തിലെ എൻഫോഴ്സ്മെന്റ് നടപടികളുടെ പുരോഗതി എല്ലാ മാസവും ജില്ലാ ജോയിന്റ് ഡയറക്ടർ അവലോകനം നടത്തി റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.
9. അനധികൃതമായി ജൈവ - അജൈവ മാലിന്യങ്ങൾ എടുക്കുന്ന സ്വകാര്യ ഏജൻസികളുടെ പ്രവർത്തനങ്ങൾ ശുചിത്വ മിഷൻ പരിശോധിച്ച് ശാസ്ത്രീയ സംവിധാനങ്ങൾ ഇല്ലാത്ത ഏജൻസികളെ കണ്ടെത്തി ബ്ലാക്ക് ലിസ്റ്റ് ചെയ്യുകയും നിയമനടപടികൾ സ്വീകരിക്കുകയും വേണം.
10. ട്രേഡ് ലൈസൻസ് പുതുക്കി നൽകുന്ന സമയത്ത് നിയമം അനുശാസിക്കുന്ന തരത്തിൽ ബിൻ സ്ഥാപിച്ചിട്ടുണ്ടെന്നും സ്ഥാപന തല മാലിന്യ സംസ്കരണ സംവിധാനം ഉണ്ടെന്നും ഉറപ്പാക്കി മാത്രമേ സെക്രട്ടറിമാർ ലൈസൻസ് പുതുക്കി നൽകാവൂ. നിലവിൽ ലൈസൻസ് കരസ്ഥമാക്കിയതും എന്നാൽ ബിൻ സ്ഥാപിക്കാത്തതുമായ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കണം

**സിംഗിൾ വാട്സാപ്പ് നമ്പർ**

11. സിംഗിൾ വാട്സാപ്പ് നമ്പർ വഴിയുള്ള പരാതികൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമയബന്ധിതമായി പരിഹരിക്കണം.
12. സിംഗിൾ വാട്ട്സാപ്പ് നമ്പർ ജനകീയമാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള പരമാവധി റിവാർഡ് തുക പരിധി ഒഴിവാക്കി സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിനാൽ സിംഗിൾ വാട്സപ്പ് നമ്പർ ശക്തമായ ജനകീയ മോണിട്ടറിംഗ് ഉപാധിയായി പ്രയോജനപ്പെടുത്തേണ്ടതാണ്. എൻ.എസ്.എസ്., എൻ.സി.സി. വോളന്റിയർമാർ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, ഹരിതകർമ്മസേന , ശുചീകരണ തൊഴിലാളികൾ, റെസിഡന്റ്സ് അസോസിയേഷനുകൾ, തുടങ്ങി വിവിധ ബഹുജന സംഘടനകൾ വഴി സിംഗിൾ വാട്ട്സാപ്പ് നമ്പറിന് വ്യാപക പ്രചാരണം നൽകി പൊതുജനങ്ങളിൽ എത്തിക്കേണ്ടതാണ്.
13. നിരോധിത പ്ലാസ്റ്റിക്ക് ഉത്പന്നങ്ങളുടെ ഉപയോഗം റിപ്പോർട്ട് ചെയ്യുന്നതിന് സിംഗിൾ വാട്ട്സപ്പ് നമ്പർ ഫലപ്രദമായി വിനിയോഗിക്കേണ്ടതാണ്. സിംഗിൾ വാട്സ്ആപ്പ് വഴി വരുന്ന പരാതികളും ഇതിന്മേൽ എടുക്കുന്ന നടപടികളും പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

**കുട്ടികൾ / യുവജനങ്ങളുടെ നേതൃത്വം: 2025 ആഗസ്റ്റ് - ഡിസംബർ**

14. മാലിന്യ മുക്തം നവകേരളം ക്യാമ്പയിനിൽ പൊതുവിദ്യാഭ്യാസ - ഉന്നതവിദ്യാഭ്യാസ വകുപ്പുകളുടെ

നേതൃത്വത്തിൽ വിദ്യാർത്ഥികളും യുവജനങ്ങളും സജീവമായി രംഗത്തിറങ്ങിയത് വലിയ മാറ്റം സൃഷ്ടിക്കുവാൻ സഹായിച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി 50,000 സ്കൂൾ വിദ്യാർത്ഥികൾക്കു സ്കോളർഷിപ്പ് പ്രോഗ്രാം ആരംഭിക്കും. വലിച്ചെറിയൽ മനോഭാവമാറ്റത്തിനും ശാസ്ത്രീയ മാലിന്യ പരിപാലന രീതി ശീലം വ്യാപനത്തിനും മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനും സഹായകമായ പ്രവർത്തനങ്ങളായിരിക്കും സ്കോളർഷിപ്പിനാധാരം. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും ശുചിത്വ മിഷനും സ്കോളർഷിപ്പ് സഹായം നൽകും. പൊതു - ഉന്നത വിദ്യാഭ്യാസ - തദ്ദേശസ്വയംഭരണ വകുപ്പുകളുടെ നേതൃത്വത്തിലായിരിക്കും ഈ നൂതന ആശയം നടപ്പിലാക്കുക. ആഗസ്റ്റ്-ഡിസംബർ മാസത്തിലായി ഈ വർഷത്തെ സ്കോളർഷിപ്പ് പ്രോഗ്രാം പൂർത്തീകരിക്കുന്ന തരത്തിൽ പ്രവർത്തനം ക്രമീകരിക്കുന്നതാണ്. മാർഗ്ഗനിർദ്ദേശങ്ങൾ പ്രത്യേകം പുറപ്പെടുവിക്കും.

**മാലിന്യരഹിത ഓണം / വൃത്തിയുള്ള ഓണം: ആഗസ്റ്റ് 20 — സെപ്തംബർ 15**

15. വൃത്തിയും സമൃദ്ധിയും എന്ന സന്ദേശത്തെ അടിസ്ഥാനമാക്കി മാലിന്യരഹിത ഓണം ഉറപ്പാക്കാനുളള പ്രത്യേക ക്യാമ്പയിൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് മാർഗ്ഗരേഖ സൂചന ഉത്തരവ് പ്രകാരം പുറത്തിറക്കിയിട്ടുണ്ട്.

**വാതിൽപ്പടി ശേഖരണം**

16. അജൈവ മാലിന്യങ്ങളുടെ വാതിൽപ്പടി ശേഖരണത്തിലുണ്ടായ കുറവ് ജൂലൈ 31ന് മുമ്പ് പരിഹരിച്ച് 100% എത്തിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.
17. സാനിറ്ററി മാലിന്യം ഒഴികെ കലണ്ടർ പ്രകാരമുള്ള എല്ലാ തരം അജൈവ മാലിന്യങ്ങളുടേയും വാതിൽപ്പടി ശേഖരണം ഉറപ്പാക്കേണ്ടതാണ്.
18. നിലവിൽ അജൈവ മാലിന്യത്തിന്റെ വാതിൽപ്പടി ശേഖരണം മാസത്തിൽ ഒരു തവണയാണ് നടക്കുന്നത്; ഇത് അപര്യാപ്തമാണ്. പ്രായോഗികമായ ഇടവേള (10 ദിവസത്തിലൊരിക്കൽ) നിശ്ചയിച്ച് വാതിൽപ്പടി ശേഖരണം നടത്തുന്ന തരത്തിൽ ക്രമീകരണം ULB-കൾ കൊണ്ടു വരണം.
19. നിലവിൽ നഗരപ്രദേശങ്ങളിൽ ക്ലീൻ കേരള കമ്പനി മുഖേന ആരംഭിച്ചിട്ടുള്ള ഇ- മാലിന്യ ശേഖരണം എല്ലാ തദ്ദേശസ്ഥാപനങ്ങളിലേക്കും നവംബർ മുപ്പത്തിനകം വ്യാപിപ്പിക്കണം.

**പ്രവർത്തനാവലോകനം**

20. മാലിന്യ പരിപാലന പ്രവർത്തനങ്ങൾ സംബന്ധിച്ച് കൃത്യമായ ഇടവേളകളിൽ അവലോകനം നടക്കണം. സംസ്ഥാന തലത്തിൽ സ്പെഷ്യൽ സെക്രട്ടറി പ്രതിമാസവും, പ്രൊജക്ട് നിർവഹണ പുരോഗതി, എൻഫോഴ്സ്മെന്റ് നടപടികളുടെ സ്ഥിതി തുടങ്ങിയവ പ്രിൻസിപ്പൽ ഡയറക്ടർ 15 ദിവസത്തിലൊരിക്കലും, തദ്ദേശ സ്വയംഭരണ സ്ഥാപനതല പ്രവർത്തനങ്ങൾ ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ പത്ത് ദിവസത്തിലൊരിക്കലും അവലോകനം നടത്തണം.
21. 07-01-2025 ലെ സ.ഉ.(സാധാ) നം 69/2025/LSGD നമ്പർ ഉത്തരവ് പ്രകാരം സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ചിട്ടുള്ള പ്രോജക്ട് മാനേജ്മെന്റ് & മോണിട്ടറിംഗ് യൂണിറ്റും വേസ്റ്റ് മാനേജ്മെന്റ് സെക്രട്ടറിയേറ്റും, പ്രിൻസിപ്പൽ ഡയറക്ടേറ്റിലെ വേസ്റ്റ് മാനേജ്മെന്റ് സെക്രട്ടറിയേറ്റ്, ജില്ലാ ജോയിന്റ് ഡയറക്ടറുടെ അദ്ധ്യക്ഷതയിലുള്ള ജില്ലാ വേസ്റ്റ് മാനേജ്മെന്റ് സെക്രട്ടറിയേറ്റും പ്രവർത്തന പരിപാടികളുടെ നിർവ്വഹണം, അവലോകനം മോണിട്ടറിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതാണ്.

**ഹരിതകർമ്മസേന**

22. ഹരിതകർമ്മസേനയുടെ വാതിൽപ്പടി ശേഖരണത്തിന്റെ ഗുണപരതയും കൃത്യതയും ഉറപ്പാക്കി നിർദേശിക്കപ്പെട്ടിട്ടുള്ള എല്ലാ മാലിന്യങ്ങളും ശേഖരിക്കുന്നതിനും തരംതിരിക്കൽ നിരക്ക് ഉയർത്തുന്നതിനും പ്രത്യേക പരിശീലനവും ബിസിനസ് വിപുലീകരണവും ക്യാമ്പയിൻ രീതിയിൽ ജൂലൈ - ഒക്ടോബർ മാസത്തിൽ ആദ്യഘട്ടം പൂർത്തിയാക്കണം. ഇതിന് ആവശ്യമായ നടപടികൾ കുടുംബശ്രീ മിഷൻ അടിയന്തിരമായി

സ്വീകരിക്കേണ്ടതാണ്.

23. വീട്ടുകൾ/ സ്ഥാപനങ്ങളിൽ നിന്നും വാതിൽപ്പടി ശേഖരണമായി ഇ-മാലിന്യ ശേഖരണം ഹരിതകർമ്മസേനയ്ക്ക് അധിക വരുമാനം ലഭിക്കുന്നതിനുള്ള സാദ്ധ്യതയായി പ്രയോജനപ്പെടുത്തണം. ഇതിനുള്ള കർമ്മപരിപാടി ക്ലീൻ കേരളാ കമ്പനിയും കുടുംബശ്രീ മിഷനും ചേർന്നു തയ്യാറാക്കി നടപ്പിലാക്കേണ്ടതാണ്.

24. ഹരിതകർമ്മസേന അംഗങ്ങൾക്ക് ആവശ്യമായ വാഹനവും സുരക്ഷ ഉപകരണങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണ്.

25. ഹരിതകർമ്മസേന അംഗങ്ങൾ കുറവുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആഗസ്റ്റ് 15 നുള്ളിൽ ഗ്യാപ് പരിഹരിക്കേണ്ടതാണ്.

**അടിസ്ഥാന സൗകര്യ വികസനം**

26. തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്ത് ഉണ്ടാകുന്ന അജൈവമാലിന്യത്തിന്റെ അളവ് കൈകാര്യം ചെയ്യാൻ ആവശ്യമായ വലിപ്പത്തിൽ എം.സി.എഫ് / ആർ.ആർ.എഫ് , മിനി എം.സി.എഫ് / കണ്ടയിനർ എം.സി.എഫ് / വാഹനങ്ങൾ എന്നിവ നാല് മാസത്തിനുള്ളിൽ ഉറപ്പാക്കേണ്ടതാണ്.

27. സ്ഥിരം എം.സി.എഫുകൾ ഇല്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതിലേക്കുള്ള പ്രൊജക്റ്റ് നിർബന്ധമായും പദ്ധതി ഭേദഗതിയിൽ ഉൾപ്പെടുത്തണം. സ്ഥിരം MCF പ്രവർത്തിച്ചു തുടങ്ങുന്നതുവരെ താത്കാലിക/ കണ്ടെയിനർ എം.സി.എഫ്. ഒരു മാസത്തിനുള്ളിൽ സജ്ജീകരിക്കേണ്ടതാണ്.

28. പൊതു ജൈവമാലിന്യ സംവിധാന സർവ്വേ പ്രകാരം അറ്റകുറ്റപ്പണികൾ ആവശ്യമെന്ന് കണ്ടെത്തിയ യൂണിറ്റുകൾ ആഗസ്റ്റ് 20 നുള്ളിൽ പ്രവർത്തനക്ഷമമാക്കണം. പുതിയവ ആവശ്യമായ സ്ഥലങ്ങളിൽ ഒക്ടോബർ 31നുള്ളിൽ പ്രവർത്തന സജ്ജമാക്കുന്ന തരത്തിൽ അടിയന്തിര നടപടി സ്വീകരിക്കണം.

29. ഉറവിട ജൈവമാലിന്യ സംസ്കരണ ഉപാധികളുടെ സർവ്വേ വിവരപ്രകാരം പ്രവർത്തനരഹിതമായവയും കുറവുള്ളവ നൽകുന്നതിനും ആവശ്യമായ പ്രവർത്തനം ആഗസ്റ്റ് മാസത്തിൽ പൂർത്തിയാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

30. നിലവിലുള്ള സാനിട്ടറി മാലിന്യ സംസ്കരണ പ്ലാന്റുകളുടെ പ്രോജക്ടുകൾ നാല് മാസത്തിനുള്ളിൽ പ്രവർത്തന സജ്ജമാക്കണം. പുതിയ മേഖലാതല സാനിറ്ററി പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം ശുചിത്വമിഷൻ- ക്ലീൻ കേരളം കമ്പനി ചേർന്നുകൊണ്ട് ഡിസംബർ 31-നകം പൂർത്തിയാക്കണം. പൊതു-സ്വകാര്യ പങ്കാളിത്ത (PPP) മാതൃകയിൽ ഏറ്റെടുക്കുന്നത്തിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

31. ആവശ്യത്തിന് RDF പ്ലാന്റുകൾ സ്ഥാപിച്ചുകൊണ്ട് കേരളത്തിൽ നിന്ന് സിമന്റ് കമ്പനികളിലേക്ക് അയക്കുന്ന reject മാലിന്യം ഒരേ രീതിയിലും നിശ്ചിത തുക തിരികെ ലഭിക്കുന്ന രീതിയിലും ആക്കി മാറ്റണം. ശുചിത്വ മിഷൻ, ക്ലീൻ കേരള കമ്പനി ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകണം.

32. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം പൊതുയിടങ്ങളിൽ ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് ജോയിന്റ് ഡയറക്ടർമാർ ഉറപ്പാക്കേണ്ടതാണ്.

**ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഉല്പന്നങ്ങളുടെ നിരോധനം**

33. ബഹു. കേരള ഹൈക്കോടതിയുടെ WP(C)7844/2023 കേസിൽ 17.06.2025ലെ ഇടക്കാല ഉത്തരവ് പ്രകാരം 10 ഹിൽസ്റ്റേഷനുകളിൽ പ്ലാസ്റ്റിക് നിരോധനം ഒക്ടോബർ 2 മുതൽ കർശനമാക്കിയിട്ടുണ്ട്. ഈ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന 16 ഗ്രാമപഞ്ചായത്തുകൾ പ്രത്യേക കർമ്മപരിപാടി തയ്യാറാക്കി മുന്നൊരുക്ക പ്രവർത്തനങ്ങൾ ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽ ക്യാമ്പയിനായി നടത്തേണ്ടതാണ്. കൂടാതെ മറ്റ് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിലവിലുള്ള നിരോധനത്തിന് പുറമേ ഓഡിറ്റോറിയങ്ങൾ, റെസ്റ്റോറന്റ് തുടങ്ങിയ സ്ഥലങ്ങളിൽ 5 ലിറ്ററിന് താഴെയുള്ള കുപ്പിവെള്ളവും 2 ലിറ്ററിന് താഴെയുള്ള പ്ലാസ്റ്റിക് കുപ്പിയിലെ ലഘുപാനിയങ്ങളും നിരോധിച്ചിട്ടുണ്ട്. നിരോധിത പ്ലാസ്റ്റിക് ഉല്പന്നങ്ങളുടെ കർശന നിരോധനം നടപ്പാക്കാനുള്ള

തദ്ദേശ സ്ഥാപനതല ക്യാമ്പയിൻ പ്ലാൻ തയ്യാറാക്കി ആഗസ്റ്റ് 1 മുതൽ നടപ്പാക്കേണ്ടതാണ്.

**വിവിധ വകുപ്പുകളുമായുള്ള സംയോജിത പരിപാടി :**

34. പൊതുവിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ്, പട്ടികജാതി - പട്ടികവർഗ്ഗ വികസന വകുപ്പ്, ഫിഷറീസ് വകുപ്പുകളും തദ്ദേശസ്വയംഭരണ വകുപ്പും ശുചിത്വ മിഷനും സംയുക്തമായി നടത്തിയ ഗ്യാപ് അസ്സസ്സ്മെന്റിനെ അടിസ്ഥാനമാക്കി സ്കൂളുകൾ, പൊതുജനാരോഗ്യ സ്ഥാപനങ്ങൾ, പട്ടിക ജാതി നഗറുകൾ, പട്ടിക വർഗ്ഗ ഉന്നതികൾ, മത്സ്യഗ്രാമങ്ങൾ - എന്നിവിടങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണം. ഒക്ടോബർ 2 ന് മുമ്പ് ഇത് ഉറപ്പാക്കേണ്ടതാണ്.
35. ഉന്നതവിദ്യാഭ്യാസ വകുപ്പ്, ടൂറിസം വകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് , കെ. എസ്. ആർ. ടി. സി, ഫിഷറീസ് വകുപ്പ് എന്നീ വകുപ്പുകളുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണവകുപ്പും, ശുചിത്വ മിഷനും സംയുക്തമായി ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ, മെഡിക്കൽ / നഴ്സിംഗ് / ദന്തൽ / ഫാർമസി കോളേജുകൾ, കെ.എസ്.ആർ.ടി.സി ഡിപ്പോകൾ, മത്സ്യബന്ധന തുറമുഖങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലെ മാലിന്യ പരിപാലന സംവിധാനങ്ങളുടെ ഫെസിലിറ്റി ഗ്യാപ് കണ്ടെത്തിയിട്ടുണ്ട്. അവ പരിഹരിക്കുന്നതിനും ആവശ്യമായ നടപടികൾ പ്രസ്തുത വകുപ്പുകളുടെ നേതൃത്വത്തിൽ ശുചിത്വമിഷൻ സാങ്കേതിക സഹായത്തോടെയും വിവിധ സ്കീമുകളുടെ സംയോജന സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിയും നടപടികൾ സ്വീകരിക്കേണ്ടതാണ്.

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഗ്രേഡിംഗ്: ഒക്ടോബർ 2 - ഗാന്ധിസ്മൃതി ശുചിത്വ സഭ**

36. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യ പരിപാലന രംഗത്ത് എവിടെ നിൽക്കുന്നു എന്ന് വിലയിരുത്തി ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടി സെപ്തംബർ 25 നുള്ളിൽ പൂർത്തിയാക്കി ഒക്ടോബർ 2 ന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പ്രസിദ്ധപ്പെടുത്തുന്നതാണ്. പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്യുന്നതിന് ഒക്ടോബർ 2 എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപന തലങ്ങളിലും ഗാന്ധിസ്മൃതി ശുചിത്വ സഭ സംഘടിപ്പിക്കേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലെ എല്ലാ രാഷ്ട്രീയ - സാമൂഹ്യ- സാംസ്കാരിക - വനിതാ - യുവജന - സംഘടനകളുടെ പ്രതിനിധികളേയും (200-300 പേർ) പങ്കെടുപ്പിച്ചു കൊണ്ടായിരിക്കും സഭ സംഘടിപ്പിക്കുക.

അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, LSGD, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ, കെ എസ് ഡബ്ല്യൂ എം പി
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
ഡയറക്ടർ ജനറൽ, കില
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫൊർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള, തിരുവനന്തപുരം
ഡയറക്ടർ വെബ് & മീഡിയ, I&PRD
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Manish V V
Date: 21-08-2025 09:55:43

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. ക്ക്